# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 271 08.02.2016-ൽ മറുപടിയ്ക്ക്

### സോളാർ അന്വേഷണ കമ്മീഷന്റെ സുഗമമായ പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ എ. കെ. ബാലൻ<br>ശ്രീ കെ. വി. അബ്ദുൾ ഖാദർ<br>ശ്രീ എ. പ്രദീപ്കുമാർ<br>ശ്രീ ജെയിംസ് മാത്യു | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| (എ) സോളാർ അന്വേഷണ കമ്മീഷനുമായി സഹകരിച്ചുകൊണ്ട്, കമ്മീഷന്റെ സുഗമമായ പ്രവർത്തനം ഉറപ്പാക്കാമോ ? പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തിക്കൊണ്ട് കമ്മീഷനെ സമ്മർദ്ദത്തിലാക്കാൻ ചില കേന്ദ്രങ്ങളിൽ നിന്ന് ശ്രമം നടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) സോളാർ കമ്മീഷന്റെ പ്രവർത്തനങ്ങളെ തടസപ്പെടുത്തുന്നതായുള്ള പരാതികളൊന്നും ലഭിച്ചിട്ടില്ല. |
| (ബി) കമ്മീഷൻ മുമ്പാകെ സ്വതന്ത്രമായി മൊഴി നൽകാൻ കഴിയാതെ ചിലർ ഭയപ്പെടുന്നതായുള്ള റിപ്പോർട്ടുകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ? പോലീസ് ഉദ്യോഗസ്ഥരിൽ ആരെല്ലാമാണ് കമ്മീഷൻ മുമ്പാകെ മൊഴി നൽകാതെ വിട്ടുനിന്നിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ? കമ്മീഷന് മൊഴി നൽകുന്നതിന് തലേ ദിവസം ശ്രീമതി സരിതാ നായരെ സ്വാധീനിക്കാൻ, കെ.പി.സി.സി. ജനറൽ സെക്രട്ടറി ശ്രീ തമ്പാനൂർ രവി ശ്രമിച്ചതായി പുറത്തു വന്നിട്ടുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ? എങ്കിൽ ഇദ്ദേഹത്തിനെതിരെ ക്രിമിനൽ നടപടി നിയമപ്രകാരം കേസെടുത്തിട്ടുണ്ടോ ; | (ബി) സോളാർ കമ്മീഷൻ മുമ്പാകെ സ്വതന്ത്രമായി മൊഴി നൽകാൻ കഴിയാതെ ഭയപ്പെടുന്നതായുള്ള റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല. കമ്മീഷനു മുമ്പാകെ മൊഴി നൽകേണ്ട പോലീസ് ഉദ്യോഗസ്ഥർ ആരും തന്നെ വിട്ടുനിന്നിട്ടില്ല. ശ്രീ തമ്പാനൂർ രവിക്കെതിരെ ക്രിമിനൽ നടപടി പ്രകാരം കേസ് എടുക്കുന്നത് സംബന്ധിച്ച് ലഭിച്ച നിയമോപദേശം, ഫോൺ സംഭാഷണത്തിൽ ഏതെങ്കിലും തരത്തിലുള്ള ഭീഷണിയോ അതല്ലെങ്കിൽ ഒരു cognizable കുറ്റകൃത്യം നടത്തുന്നതിനായി പ്രേരിപ്പിക്കുകയോ ചെയ്യുന്നതായി കാണുന്നില്ല എന്നതാണ്. ഇന്ത്യൻ ശിക്ഷാ നിയമമനുസരിച്ചോ മറ്റേതെങ്കിലും special അല്ലെങ്കിൽ Local Laws അനുസരിച്ചോ ഒരു കുറ്റകൃത്യം നടന്നിട്ടില്ലാത്തതുകൊണ്ട് കേസ് രജിസ്റ്റർ ചെയ്യുന്നതിന് അടിസ്ഥാനമില്ലായെന്ന നിയമോപദേശമാണ് ലഭിച്ചിട്ടുള്ളത്. |
| (സി) ശ്രീമതി സരിത സത്യം പറയുന്നത് ഭയപ്പെടുന്നവർ ആരോ, അവർ ശ്രീമതി സരിതയെ തടയുന്നതായുള്ള കമ്മീഷന്റെ തന്നെ പരാമർശം സംബന്ധിച്ച് അന്വേഷിക്കുകയുണ്ടായോ ? അന്വേഷണത്തിന്റെ ഭാഗമായി ഉന്നത ഉദ്യോഗസ്ഥൻ ശേഖരിച്ചിരുന്ന ഫോൺരേഖ, പിന്നീട് അപ്രത്യക്ഷമാക്കിയ നടപടിയെക്കുറിച്ച് പോലീസ് അന്വേഷിച്ചിരുന്നോ ; | (സി) കമ്മീഷൻ ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല. സോളാർ കമ്മീഷന്റെ ഭാഗമായി അന്വേഷിച്ച ഒരു രേഖയും നഷ്ടപ്പെട്ടിട്ടില്ല. |

| | |
|---|---|
| (ഡി) കമ്മീഷന് സ്വതന്ത്രമായി പ്രവർത്തിക്കാൻ വിഘാതമായി നിൽക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ച് തിരുത്താമോ ; | (ഡി) കമ്മീഷന്റെ പ്രവർത്തനത്തിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങൾ ഒന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ